**Desabhimani**

**18 July 2018**

**Kochi; The quarry was stopped**

# ക്വാറികൾ നിർത്തിവയ്ക്കാൻ ഉത്തരവ്

**കൊച്ചി**

മഴ ശക്തമായി തുടരുന്ന സാഹചര്യത്തിൽ ജില്ലയിലെ ക്വാറികളുടെ പ്രവർത്തനം ഒരാഴ്ചത്തേക്ക് നിർത്തിവയ്ക്കാൻ കലക്ടർ നിർദേശിച്ചു. ക്വാറിയിൽനിന്നുള്ള മണൽവാരലും കൽപ്പൊടിയെടുക്കലുമടക്കമാണിത്. ജില്ലയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. താഴ്ന്ന പ്രദേശങ്ങളിലെല്ലാം വെള്ളം കെട്ടിനിൽക്കുന്നതിനാൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കാനുള്ള സാധ്യത മുൻനിർത്തിയാണ് നിർദേശം. തൊഴിലാളി ക്യാമ്പുകളിലേതടക്കം എല്ലാ പ്രദേശങ്ങളിലെയും ശുചിത്വം വിലയിരുത്തണം. ദുരിതാശ്വാസ ക്യാമ്പുകളിൽ തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാൻ നൽകാവൂ. പതിവായി ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ മാറ്റിപ്പാർപ്പിക്കുന്നതിന് ഉപകരിക്കുന്ന തരത്തിലുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്താനുള്ള കാര്യം ആലോചനയിലാണെന്ന് കലക്ടർ അറിയിച്ചു. ജില്ലയിലെ 51 ദുരിതാശ്വാസ ക്യാമ്പുകളിൽ 15 എണ്ണം ഇത്തരത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ ടോയ്‌ലറ്റുകളുടെ എണ്ണം വർധിപ്പിക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആശ സനിൽ, എഡിഎം എം കെ കബീർ, ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കലക്ടർ ഷീല ദേവി, അഡീ. ഡിഎംഒ ഡോ. എസ് ശ്രീദേവി തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.